**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3076** **13-07-2022 - ൽ മറുപടിയ്ക്ക്**

**വല്ലം കടവ്-പാറപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പാവൂർ-ആലുവ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വല്ലം കടവ്-പാറപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ഭൂമി ഇടിഞ്ഞു ഭവനങ്ങൾ സുരക്ഷിതമല്ലാതായി അവരെ മാറ്റി പാർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് നഷ്ടപരിഹാരം നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) | പെരുമ്പാവൂർ - ആലുവ നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാറപ്പുറം വല്ലം കടവ് പാലത്തിന്റെ കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണിടിച്ചിൽ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് നിലവിൽ സൈറ്റിൽ മണ്ണിടിച്ചിൽ തടയാൻ ആവശ്യമായ shoring നടത്തി സുരക്ഷിതമാക്കിയിട്ടുണ്ട്. അതിശക്തമായ മഴയുണ്ടായ സാഹചര്യത്തിൽ പ്രദേശത്തെ ഒരു കുടുംബം സ്വമേധയാ ദുരന്ത നിവാരണ അതോറിറ്റിയെ വിവരമറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താമസം മാറുകയുമാണുണ്ടായത്. നിലവിൽ സൈറ്റിൽ മണ്ണിടിച്ചിൽ ഭീഷണികൾ ഇല്ല. |

സെക്ഷൻ ഓഫീസർ